**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 610** **24-08-2022 - ൽ മറുപടിയ്ക്ക്**

**മണിമല നാളീകേര പാർക്കിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മണിമല നാളീകേര പാർക്കിന്റെ നിർമ്മാണത്തിനായി 2022 - ലെ ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ടി പ്രവൃത്തി എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (എ) | മണിമല നാളീകേര പാർക്കിന്റെ (Coconut Park, Kuttiyadi) നിർമ്മാണത്തിനായി 2022-23-ലെ ബഡ്ജറ്റിൽ കെ.എസ്.ഐ.ഡി.സി.യ്ക്ക് 2.50 കോടി രൂപയാണ് സർക്കാർ വകയിരുത്തിയിരിക്കുന്നത്.<br><br>പദ്ധതിയുടെ ഭൂമി വികസിപ്പിക്കുന്നതിനെപ്പറ്റിയുള്ള പഠനം നടത്തുന്നതിനും, കൂടാതെ 2022-23-ൽ തന്നെ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന ഉൾറോഡുകൾ, വൈദ്യുതി വിതരണം ജലവിതരണം തുടങ്ങിയ ജോലികൾക്കായാണ് ടി 2.50 കോടി രൂപ ആസൂത്രണം ചെയ്തിരിക്കുന്നത്.<br><br>ഭൂമി വികസിപ്പിക്കുന്നതിനെപ്പറ്റിയുള്ള പഠനം നടത്തുന്നതിനായി കിറ്റ്കോയെ ചുമതലപ്പെടുത്തിയിരിക്കുന്നു. സർവ്വേ നടത്തി പാർക്കിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്. ചുറ്റുമതിൽ കെട്ടുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഉൾറോഡുകൾ, വൈദ്യുതി വിതരണം, ജലവിതരണം തുടങ്ങിയവക്കായുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ